**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.830       10.06.2019 -ലെ മറുപടിക്ക്**

## <u>അംബേദ്കർ കോളനി നവീകരണപദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഒരു മണ്ഡലത്തിൽ എത്ര കോളനികളിലാണ് അംബേദ്കർ കോളനി നവീകരണ പദ്ധതി നടപ്പിലാക്കുന്നത്; രണ്ടിലധികം കോളനികൾ പദ്ധതിയിലുൾപ്പെട്ട മണ്ഡലങ്ങളുടെ വിവരങ്ങൾ നൽകാമോ; | (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ എം.എൽ.എയുടെ ശുപാർശ പ്രകാരം ഒരു മണ്ഡലത്തിൽ നിന്നും രണ്ട് കോളനികളെ വീതമാണ് തെരഞ്ഞെടുക്കുവാൻ ലക്ഷ്യമിട്ടത്. എന്നാൽ, എല്ലാ മണ്ഡലങ്ങളിലും അർഹമായ കോളനികൾ ഇല്ലാത്തതിനാൽ അർഹമായ കൂടുതൽ കോളനികളുള്ള മണ്ഡലങ്ങളിൽ നിന്ന് കൂടുതൽ കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. രണ്ടിലധികം കോളനികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മണ്ഡലങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. പുനലൂർ<br>2. കുണ്ടറ<br>3. റാന്നി<br>4. കോന്നി<br>5. വടക്കാഞ്ചേരി<br>6. ചാലക്കുടി<br>7. തരൂർ<br>8. ചിറ്റൂർ<br>9. ആലത്തൂർ<br>10. കുറ്റ്യാടി<br>11. ബേപ്പൂർ<br>12. കുന്ദമംഗലം<br>13. തിരുവമ്പാടി |

(ബി) ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പുതുതായി അനുവദിക്കുന്നുണ്ടോ; കോർപസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; 2015 ജനുവരി മുതൽ 2019 മാർച്ച് വരെ വകുപ്പ് അനുവദിച്ച കോർപസ് ഫണ്ടിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഉണ്ട്.

പട്ടികജാതി ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലകൾക്ക് അനുവദിച്ചു വരുന്നു. 2014-15 ബഡ്ജറ്റ് പ്രകാരം കോർപ്പസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക ജില്ലാ തലത്തിൽ വിനിയോഗിക്കണമെന്നും അതിൽ 25 ലക്ഷം രൂപ വരെയുള്ള പദ്ധതികളുടെ ഭരണാനുമതി ജില്ലാതല സമിതിയുടെ ശിപാർശപ്രകാരം ജില്ലാകളക്ടർക്ക് നൽകാം എന്നും നിർദ്ദേശിച്ചിരുന്നു. ജില്ലകൾക്ക് അനുവദിക്കുന്ന ഫണ്ടിൽ നിന്ന് താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് തുക കണ്ടെത്താവുന്നതാണ്.

1. <u>കുടിവെള്ള വിതരണം:-</u> പട്ടികവിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗങ്ങൾക്ക് ഒന്നോ രണ്ടോ പൊതു ടാപ്പും നൽകുന്ന പദ്ധതി
2. <u>ഗതാഗത സൗകര്യ വികസനം:-</u> കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് എന്നിവ മാത്രം
3. <u>വൈദ്യുതി വിതരണം :-</u> പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴി വിളക്കുകൾ.
4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം/സംസ്കാരം/കായികം തുടങ്ങിയ) ഉതകുന്ന പ്രൊജക്ടുകൾ DIET – ന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്താവുന്നതാണ്
5. നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടക പദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്ട് പൂർത്തീകരിക്കുകയും എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും ടി തുക വിനിയോഗിക്കാവുന്നതാണ്.
6. <u>വിജ്ഞാൻ വാടികളുടെ ആവർത്തന ചെലവുകൾ:-</u>

2015-16, 2016-17, 2018-19 വരെ കോർപ്പസ് ഫണ്ട് (1/3) ഇനത്തിൽ ജില്ലകൾക്ക് അനുവദിച്ച തുക വിവരം ചുവടെ ചേർക്കുന്നു. (2017-18 ൽ ജില്ലകൾക്ക് സ്പിൽ ഓവർ തുക മാത്രമേ അനുവദിച്ചിട്ടുള്ളൂ.)

| ജില്ല | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|
| തിരുവനന്തപുരം | 54629085 | 7784650 | 17325676 | 41244004 |

| | | | | |
|---|---|---|---|---|
| കൊല്ലം | 64724368 | 77466269 | 39105110 | 35600000 |
| പത്തനംതിട്ട | 24766135 | 39882209 | 16435401 | 17900000 |
| ആലപ്പുഴ | 24421986 | 52540800 | 37603543 | 31150000 |
| കോട്ടയം | 25069726 | 38836450 | 19843254 | 20550433 |
| ഇടുക്കി | 18589500 | 29220000 | 26491720 | 15800000 |
| എറണാകുളം | 45803193 | 102771960 | 48901960 | 29100000 |
| തൃശ്ശൂർ | 61641731 | 78311785 | 35704159 | 35200000 |
| പാലക്കാട് | 100784891 | 81070000 | 65942271 | 53391843 |
| മലപ്പുറം | 67003067 | 79490024 | 65381500 | 81382855 |
| കോഴിക്കോട് | 36715193 | 22412000 | 22411926 | 21600000 |
| വയനാട് | 6794000 | 10975000 | 8329696 | 3500000 |
| കണ്ണൂർ | 15419819 | 21345000 | 1650000 | 9000000 |
| കാസർഗോഡ് | 12337306 | 13781391 | 3106391 | 8906391 |

| | | | |
|---|---|---|---|
| (സി) | അഞ്ചിലധികം കെട്ടിടനമ്പറുള്ള പട്ടികജാതി കോളനികളുടെ അടിസ്ഥാനസൗകര്യവികസനത്തിന് വകുപ്പുഫണ്ട് ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അത്തരം സാങ്കേതികത്വം ഒഴിവാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; | (സി) | പട്ടികജാതിക്കാരുടെ അഞ്ചു വീടുകളെങ്കിലും അടുത്തടുത്തുള്ള സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് മാനദണ്ഡങ്ങൾക്ക് വിധേയമായി വകുപ്പ് ഫണ്ട് ഉപയോഗിക്കുന്നതിന് തടസ്സമില്ല. |
| (ഡി) | പട്ടികജാതി കോളനികളിലേക്കുള്ള റോഡുകൾ, പാത്ത് വേ പോലുള്ളവ നവീകരിക്കുന്നതിനും കോളനികളിലേക്കുള്ള വഴികൾ, തെരുവ് വിളക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനും വികസന ഫണ്ട് ഉപയോഗിക്കുന്നതിന് സോഷ്യൽ മാപ്പുകൾ നൽകുമ്പോഴും കോളനിക്കുള്ളിൽ മാത്രം പ്രവൃത്തി ചെയ്യണമെന്ന നിബന്ധന നിലവിലുണ്ടോ; | (ഡി) | തെരുവുവിളക്കുകൾ കോളനിക്കുള്ളിൽ മാത്രം സ്ഥാപിക്കണമെന്ന് നിബന്ധനയുണ്ട്. കോളനിയിലേയ്ക്കുള്ള റോഡും കോളനിക്കുള്ളിലെ ഭാഗവും ഒന്നായി പരിഗണിച്ച് ഒരു എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഒരുമിച്ച് ചെയ്യുന്നതിന് തടസ്സമില്ല. 51% ഗുണഭോക്തൃ കുടുംബങ്ങൾ പട്ടികജാതിക്കാരായിരിക്കണം. |

| | | | |
|---|---|---|---|
| (ഇ) | ഇത്തരം നിബന്ധനകൾ കോളനി നവീകരണ പദ്ധതികൾക്ക് തടസ്സമായി നിൽക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സാങ്കേതിത്വം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഇപ്പോൾ തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ